(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് രൂപം കൊടുത്ത വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ, കേരളത്തിൽ സപ്ലൈകോ നിർവ്വഹണ ഏജൻസിയായി നെല്ല് സംഭരണ സംസ്കരണ വിപണന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നു. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽനിന്നും നെല്ല് നേരിട്ട് സംഭരിക്കുകയും ആയതിനുള്ള തുക അതാത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഈ പ്രക്രിയയിൽ ഇടത്തട്ടുകാരുടെ ഇടപെടലുകളൊന്നും തന്നെ നടക്കുന്നില്ല

ഭക്ഷ്യ സുരക്ഷാ വകുപ്പിലെ പുതിയ തസ്തികകൾ

114(2747) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത്;

(ബി) പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നിയമനം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെടുന്നവരുടെ സേവനം ജനങ്ങൾക്ക് ഏതെല്ലാം രീതിയിലാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ കാലയളവിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനുകീഴിൽ താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

തസ്തിക	എണ്ണം
1	2
ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ)	1
ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർ (എൻഫോഴ്സ്മെന്റ്)	3
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1
ഫിനാൻസ് ഓഫീസർ	1
സീനിയർ സൂപ്രണ്ട്	1

LIBRARY ARCHIVES Kerala Legislative Assembly

1	2
ജൂനിയർ സൂപ്രണ്ട്	1
ഫുഡ്സേഫ്റ്റി ഓഫീസർ	62
റിസർച്ച് ഓഫീസർ	3
ജൂനിയർ റിസർച്ച് ഓഫീസർ	3
ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- I	3
ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II	6
ക്ലാർക്ക്	99
ഓഫീസ് അറ്റൻഡന്റ്	30

(ബി&സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും സുരക്ഷിത ഭക്ഷണം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കമ്മീഷണറേറ്റിന്റെ കീഴിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എൻ.ടി കേഡറുകളിലുള്ള തസ്തികകളിൽ പി.എസ്.സി.വഴിയും മറ്റ് തസ്തികകളിൽ പ്രൊമോഷൻവഴിയും നിയമനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധന

115(2749) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്തിരുന്ന ഏതെല്ലാം വസ്തുക്കൾക്കാണ് സബ്സിഡി നൽകിയിരുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സബ്സിഡി അനുവദിച്ച ഉല്പന്നങ്ങളിൽ മാറ്റം വരുത്തുകയുണ്ടായോ; ഏതെല്ലാം ഉല്പന്നങ്ങളെയാണ് സബ്സിഡിയിൽ നിന്നും ഒഴിവാക്കിയതെന്നറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നുവോ; ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ സബ്സിഡി നൽകുന്ന ഉല്പന്നങ്ങളുടെ സബ്സിഡി പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കും വർദ്ധിപ്പിച്ച വിലയുടെ നിരക്കും എത്രയെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly